പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** **2019 ഒക്ടോബർ 29-ലെ മറുപടിയ്ക്ക്**

**നമ്പർ. 421**

## 2018 ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന

| ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | മറുപടി<br>ഡോ. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) 2018 ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനയിൽ പ്രധാനമായും ഏതൊക്കെ ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്നും അവ എന്തൊക്കെ യായിരുന്നുവെന്നും വിശദമാക്കാമോ; | 2018 ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ പ്രധാനമായും 57 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ഭരണവകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ? | |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

## 2018 ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ പ്രധാനമായും കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | 2018-ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പ്രധാനമായും പരിശോധന നടത്തിയ ഓഫീസുകൾ | പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകളും ആയതിന്മേലുള്ള ശിപാർശകളും | റിപ്പോർട്ടിന്മേൽ ഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് | ഫ്ലാറ്റ് വാടകയിനത്തിൽ ചട്ടവിരുദ്ധമായി 4,22,000/- രൂപ അനുവദിച്ചു നൽകിയതിനും, മാനദണ്ഡങ്ങൾക്കു വിരുദ്ധമായി സ്വയം തൊഴിൽ വായ്പ കരസ്ഥമാക്കിയതിനും, ചട്ടങ്ങൾ ലംഘിച്ചു കൊണ്ട് വായ്പ അനുവദിച്ചു നൽകിയതിനും ഉത്തരവാദിയായ മുൻ KSMDFC മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, ചട്ടവിരുദ്ധമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും ശിപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 2 | പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വിഭാഗം ഡിവിഷൻ ഓഫീസ്, എറണാകുളം | പൊതുമരാമത്ത് വകുപ്പിൽ ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചു നൽകുന്നതിനുള്ള EMLI Software – ൽ ആയതിന്റെ സ്ഥാപിത ലക്ഷ്യത്തെ അട്ടിമറിച്ചു കൊണ്ട് പൊതുമരാമത്ത് എറണാകുളം റോഡ്സ് ഡിവിഷൻ കാര്യാലയത്തിൽ വ്യാജ ബിൽ ഐ.ഡികൾ സൃഷ്ടിച്ചതായും, മുൻപ് പൂർത്തീകരിച്ചതും നേരത്തെ തന്നെ സമർപ്പിച്ചതുമായ ബില്ലുകളുടെ വിവരങ്ങൾ, ഡിപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് വ്യാജ ബിൽ ഐ.ഡികൾ സൃഷ്ടിച്ചതായും കണ്ടെത്തി.<br><br>EMLI Software – ൽ വ്യാജ ബിൽ ഐ.ഡികൾ സൃഷ്ടിച്ച (130 എണ്ണം) ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറായ ശ്രീമതി ബി.എസ്. ദീപയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തു. EMLI Software – ൽ ബിൽ തുക ഒഴികെയുള്ളവ എഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഒഴിവാക്കുവാൻ ശിപാർശ ചെയ്തു. | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ബി.എസ്. ദീപയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. EMLI Software – ൽ ബിൽ തുക ഒഴികെയുള്ളവ എഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഒഴിവാക്കി. |

| | | | |
|---|---|---|---|
| 3 | അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ കാര്യാലയം, പൂജപ്പുര തിരുവനന്തപുരം | വ്യാജ ടൂർ ടാക്സി ഇനത്തിലും, അനധികൃത പർച്ചേയ്സ്, വാഹന ദുരുപയോഗം, വ്യാജ ട്രിപ്പ് ഷീറ്റ്, അനധികൃത ചികിത്സാ ചെലവ് എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ 92,861/- രൂപ ഫിനാൻസ് ഓഫീസറുടെ ചുമതല വഹിച്ചിരുന്ന ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥനായ ശ്രീ. റ്റെറേഷ്യസ് എം.ൽ നിന്നും ഈടാക്കുവാനും, മുൻകൂറായി 27.07.2017-ൽ പിൻവലിച്ച 2 ലക്ഷം രൂപ ക്രമീകരിക്കുന്നത് വരെ 18% പലിശ ഈടാക്കുവാനും, മേല്പടി ക്രമക്കേടുകൾക്ക് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനും ശിപാർശ ചെയ്തു | ഭരണ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| 4 | കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ആസ്ഥാന കാര്യാലയം എറണാകുളം | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസിന്റെ പർച്ചേസ് ഓർഡർ പ്രകാരം ധരണി ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് സപ്ലൈ ചെയ്യേണ്ടിയിരുന്ന 33,500 ക്വിന്റൽ പഞ്ചസാരയും പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് സപ്ലൈ ചെയ്യേണ്ടിയിരുന്ന 11,160 ക്വിന്റൽ പഞ്ചസാരയും ടെണ്ടർ വ്യവസ്ഥ പ്രകാരം യഥാസമയം ലഭ്യമാക്കാത്തതിനാൽ ടി കമ്പനികളിൽ നിന്നും യഥാക്രമം 1.04 കോടി രൂപയും 18 ലക്ഷം രൂപയും ചേർത്ത് ആകെ 1.22 കോടി രൂപ പിഴയിനത്തിൽ ടി കമ്പനികളിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷൻ നിയമപരമായ നടപടികൾ സ്വീകരിക്കുവാനും ധരണി ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് എന്നീ കമ്പനികൾക്ക് ചട്ടവിരുദ്ധമായി പുതുക്കിയ പർച്ചേസ് ഓർഡർ നൽകി ടെണ്ടർ വ്യവസ്ഥയുടെ പവിത്രത ഇല്ലാതാക്കി കമ്പനികൾക്ക് അനുചിതമായ സഹായം ഒരുക്കിയ എച്ച്.ഒ.എം.സി അംഗങ്ങൾക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുവാനും ശിപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 5 | KSBC FL-1-7043 ഷോപ്പ് വടക്കേക്കര, തൃശ്ശൂർ | തൃശ്ശൂർ, വടക്കേക്കര KSBC FL-1-7043 ഷോപ്പിൽ ധനകാര്യ പരിശോധന വിഭാഗം ഭൗതിക പരിശോധന നടത്തുകയും ഷോപ്പിന്റെ രണ്ടാം നിലയിൽ പ്രളയത്തിൽ നാശ നഷ്ടം സംഭവിക്കാത്ത ഉപയോഗ്യയോഗ്യമായ 74,99,010/- രൂപയുടെ മദ്യം സൂക്ഷിച്ചു വരുന്നതായി കണ്ടെത്തി. ധനകാര്യ | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണത്തെ തുടർന്ന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പ്രളയ നാശനഷ്ടം കണക്കാക്കുന്നതിൽ വീഴ്ച |

| | | | |
|---|---|---|---|
| | | പരിശോധന വിഭാഗം സമയോചിതമായി പരിശോധന നടത്തിയതുകൊണ്ടു മാത്രമാണ് പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതായി കാണിച്ചിരുന്ന 74,99,010/- രൂപയുടെ ഉപയോഗയോഗ്യമായ മദ്യം, ബിയർ, വൈൻ എന്നിവ കണ്ടെത്താൻ കഴിഞ്ഞത്. | വരുത്തിയ വെയർഹൗസ് മാനേജർ ശ്രീ.കെ.കെ. ഗോപി, ഷോപ്പ് ഇൻ ചാർജ്ജ് ശ്രീ.പി.കെ.തമ്പി, ജില്ലാ ഓഡിറ്റ് അസിസ്റ്റന്റ് മാനേജർ ശ്യാംകുമാർ വി.എസ് എന്നിവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. |
| 6 | പൊഴിയൂർ യു.പി.എസ് | സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. കെ. അമ്പാടി ഐ.എ.എസ് 17,85,788/- രൂപ പ്രഥമാദ്ധ്യാപകനായ ശ്രീ. ജോസ് വിക്ടറിന് നൽകുകയും, അദ്ദേഹം ചട്ടങ്ങൾ പാലിക്കാതെയും ടെണ്ടർ രേഖകളിൽ കൃത്രിമം നടത്തിയും ഫർണിച്ചർ ലഭിക്കാതെ മുഴുവൻ തുകയും മുൻകൂറായി കരാറുകാരന് നൽകുകയും ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 7 | ഗവൺമെന്റ് ഹൈസ്കൂൾ മീനടം | മീനടം ഗവൺമെന്റ് ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനായ ശ്രീ. പി.പി. മോഹനൻ സ്കൂളിലെ വിവിധ അക്കൗണ്ടുകളിൽ നിന്നും ബില്ലുകൾ, വൗച്ചറുകൾ എന്നിവയുടെ പിൻബലമില്ലാതെ 4,81,364/- രൂപ പിൻവലിച്ചു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 8 | ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി, മൂവാറ്റുപുഴ | ശ്രീ അബ്ദുൾ സലാം പി. ഖാദർ, അക്കൗണ്ടന്റ് ബാങ്കിലേയ്ക്ക് ഒടുക്കാതെ 45,375/- രൂപ കൈവശം വച്ചു, 4097/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 9 | ജില്ലാ ജയിൽ, കാക്കനാട് | ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്താതെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന്റെ നിയന്ത്രണത്തിലുള്ള KL01-BA 7814 779 കി.മീ. അനൗദ്യോഗിക യാത്രക്ക് ഉപയോഗിച്ചു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ജയിൽ സൂപ്രണ്ട് വാഹന ദുരുപയോഗം നടത്തി. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 10 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എറണാകുളം | ദർഘാസ് നിബന്ധനയിൽ ഇളവ് വരുത്തി മാനേജിംഗ് ഡയറക്ടറായ ശ്രീ. ബിജുലാൽ , ജനറൽ മാനേജർ ഇൻ ചാർജ്ജ് ശ്രീ. സജി ഇശോ എന്നിവർ ബഫല്ലോ വാങ്ങിയതിൽ കരാറുകാരന് അധികമായി 6,74,883/- രൂപ നൽകി. പ്ലാന്റിൽ കശാപ്പ്, കട്ടിംഗ് ജോലികൾ | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| | | പുറം കരാർ നൽകിയതിൽ കരാറുകാരന് അധികമായി 55,484/- രൂപ നൽകി. | |
| 11 | പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ് - അറക്കുളം കൃഷി ഭവൻ | അറക്കുളം കൃഷി ഭവനിലെ കൃഷി ഓഫീസർ ആയിരുന്ന ശ്രീ.സിറിയക് ജോസ് തിരിമറി നടത്തിയ തുകയായ 78,883/- രൂപ ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും തിരിച്ചുപിടിക്കാതെ ആയത് റിലീസ് ചെയ്തു നൽകിയ അന്നത്തെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 12 | ജില്ലാ വെറ്ററിനറി സെന്റർ, തൊടുപുഴ | ജില്ലാ വെറ്ററിനറി സെന്റർ, തൊടുപുഴയിൽ കറവ പശു വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് കരാറിന് വിരുദ്ധമായി ഉരുക്കളെ വിൽപ്പന നടത്തിയ 28 ഗുണഭോക്താക്കളിൽ നിന്നും പദ്ധതി ആനുകൂല്യമായി കൈപ്പറ്റിയിട്ടുള്ള 4,20,000/- രൂപ തിരിച്ചുപിടിക്കുവാനും ക്രമവിരുദ്ധമായി 15 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുക 2,25,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഡോ.ജി.എസ്.മധുവിൽ നിന്നും തിരിച്ചു പിടിക്കുവാനും ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാനും ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 13 | കടയത്തൂർ ഗ്രാമ പഞ്ചായത്ത് | കടയത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ KL-38-D-8408 നമ്പർ മഹീന്ദ്ര ബൊലീറോ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും പിഴയിനത്തിൽ 7005/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കുവാൻ ശുപാർശ നൽകുകയും ചെയ്തു.<br><br>കടയത്തൂർ ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് കറവപ്പശു വാങ്ങൽ (ജനറൽ) പദ്ധതിയുമായി ബന്ധപ്പെട്ട് വ്യാജമായി സമർപ്പിച്ച 3 അപേക്ഷകർക്ക് പദ്ധതി ആനുകൂല്യമായി 75,000/- രൂപ ക്രമവിരുദ്ധമായി അനുവദിച്ചു നൽകിയ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായ ഡോ.ദീപ.കെ.കെ യെ കർശനമായി താക്കീത് ചെയ്യേണ്ടതാണെന്നും വ്യാജരേഖ ചമച്ച് പദ്ധതിയാനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| 14 | കേരള കാർഷിക സർവകലാശാല | കേരള കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികയിലേക്ക് 2014 ൽ നടപ്പാക്കിയ CAS(കരിയർ അഡ്വാൻസ്മെന്റ് സ്കീം) പ്രമോഷനുകളിലെ API (അക്കാദമിക് പെർഫോർമൻസ് ഇൻഡിക്കേറ്റേഴ്സ്) സ്കോർ നിർണ്ണയത്തിൽ പ്രകടമായ അപാകതകളും, മിനിമം API സ്കോർ നേടാത്ത, അനർഹരായ അദ്ധ്യാപകർ/ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയതും സംബന്ധിച്ച് . | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 15 | ജി എച്ച് എസ് എസ് പട്ടിക്കാട്, തൃശ്ശൂർ | പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിന്റെ പേരിലുള്ള ഔദ്യോഗിക അക്കൗണ്ടിൽ നിന്നും പല തവണകളിലായി പ്രിൻസിപ്പാൾ തന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് മാറ്റിയ ശേഷം ഔദ്യോഗികാവശ്യത്തിനല്ലാതെ മറ്റ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയ ആകെ തുകയായ 65,282/- രൂപ 18% പലിശ സഹിതം ശ്രീ. കെ.എം. മുഹമ്മദ് മുബാറക്കിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുവാൻ ശിപാർശ ചെയ്യു.<br><br>ASAP-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക അക്കൗണ്ടിൽ നിന്നും, തന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് 20.12.2016 മുതൽ 17.10.2017 വരെയുള്ള കാലയളവിൽ ആകെ 1,00,160/ രൂപ പ്രിൻസിപ്പാൾ ശ്രീ കെ . എം. മുഹമ്മദ് മുബാറക്ക് ഇന്റർനെറ്റ് ബാങ്കിംഗ് വഴി മാറ്റിയിട്ടുണ്ട്. ടി തുകയിൽ നിന്നും ശ്രീമതി. ഷഹിദ മുബാറക്ക്, W/o. മുഹമ്മദ് മുബാറക്ക് കാടംപറമ്പിൽ വടക്കുംഞ്ചേരി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് 30.12.2016 -ൽ 8,000/- രൂപ മാറ്റിയത് പണാപഹരണമായി പരിശോധനാ സംഘം വിലയിരുത്തുന്നു. പ്രസ്തുത തുക 18% പലിശ സഹിതം ശ്രീ. കെ.എം. മുഹമ്മദ് മുബാറക്കിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുവാൻ ശിപാർശ ചെയ്യു | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 16 | സബ് രജിസ്ട്രാർ ഓഫീസ് , അക്കികാവ് തൃശ്ശൂർ | മുദ്രവിലയിനത്തിലും (1,000/- രൂപ), ഫീസ് ഇനത്തിലും (51,020/- രൂപ) ഉണ്ടായ നഷ്ടം 18% പലിശ സഹിതം ഭാഗാധാരത്തിൽ ഉൾപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ ശിപാർശചെയ്യു. | തുടർനടപടികൾ തൃശ്ശൂർ ജില്ലാ റെജിസ്ട്രാർ സ്വീകരിച്ചുവരുന്നു |

| | | | |
|---|---|---|---|
| 17 | കമളി കൃഷി ഭവൻ, ഇടുക്കി | കമളി കൃഷി ഭവനിലെ കർഷകർക്ക് നൽകേണ്ട അർഹമായ ആനുകൂല്യം വ്യാജരേഖ ചമച്ച് തട്ടിയെടുത്ത തുകയായ 10,47,311/- രൂപയും 18% പലിശയും സഹിതം തിരിച്ച് പിടിക്കുവാനുള്ള നടപടി സ്വീകരിക്കുവാനും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ.ദേവസ്യ.ഇ.ഡി, കൃഷി അസിസ്റ്റന്റ് ശ്രീമതി.പ്രിൻസി ജോൺ, അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ.നെജീബ്ഖാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.പ്രശാന്ത്.ബി എന്നീ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും, വിജിലൻസ് അന്വേഷണം നടത്താനും ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 18 | ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ്, തിരുവനന്തപുരം | ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ ഉപകരണങ്ങൾ വാങ്ങിയതിൽ ഒരു കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തി | ഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല |
| 19 | കേരള അകാവെഞ്ചേഴ് സ് ഇന്റർനാഷണൽ ലിമിറ്റഡ്, ആലുവ | ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടറായിരുന്ന ശ്രീ. എ.ഗോപാലകൃഷ്ണൻ നായരുടെ (റിട്ട.) ബാദ്ധ്യത തുകയായി 6,15,821/- രൂപ നിശ്ചയിച്ചു. | ഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല |
| 20 | ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്കൂൾ, മാടായി | ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള 37841 രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കാനും കടുത്ത ധനകാര്യ അച്ചടക്കരാഹിത്യം കാണിച്ച ഹെഡ് മാസ്റ്റർ ആയിരുന്ന ശ്രീ. ടി. വി. ചന്ദ്രനെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശിപാർശ ചെയ്തു. | ഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല |
| 21 | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ആലപ്പുഴ | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കിയതിൽ 73,296/- രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും ടി തുക നിർവ്വഹണോദ്യോഗസ്ഥരിൽനിന്ന് തിരിച്ചുപിടിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. | ഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല |
| 22 | താലൂക്ക് സപ്ലൈ ഓഫീസ്, കുട്ടനാട് | ARD, AWD, കമ്മീഷൻ ഇനത്തിലുള്ള അധിക തുക 104346/- രൂപ വരവ് ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പലിശയിനത്തിൽ ലഭിച്ചിട്ടുള്ളതുക 99,028/- രൂപ നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശിച്ചു. റൈറ്റ് ഓവർ ഇനത്തിൽ തകഴി സപ്ലൈകോ ഖജനാവിൽ അടയ്ക്കാനുള്ള 32,35,601/- രൂപ ട്രഷറിയിൽ അടയ്ക്കാൻ നിർദ്ദേശിച്ചു. താലൂക്കിലെ മൊത്തവ്യാപാരികൾ റൈറ്റ് | ഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | ഓവർ ഇനത്തിൽ 04/2017 വരെ അടയ്ക്കുവാനുള്ള കുടിശിക തുകയായ 1,79,323/- പലിശ സഹിതം തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു. | |
| 23 | എക്സൈസ് റേഞ്ച് ഓഫീസ്, ആലപ്പുഴ | ദിവസവേതനാടിസ്ഥാനത്തിൽ അധിക ഡ്രൈവറെ നിയമിച്ച തെറ്റായ നടപടിമൂലം സർക്കാരിനുണ്ടായ ധന നഷ്ടമായ 87750/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു. | ഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല |
| 24 | ഗ്രാമ പഞ്ചായത്ത് തണ്ണീർമുക്കം. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലുമായുണ്ടായ ധനനഷ്ടം 96,852/- രൂപ,<br><br>സഹകരണ ബാങ്ക് പലിശയിനത്തിൽ നൽകേണ്ടുന്ന തുക 20,36,787/- എന്നിവ തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ DDP യോട് ആവശ്യപ്പെട്ടു. | സഹകരണ ബാങ്ക് പലിശയിനത്തിൽ നൽകേണ്ടുന്ന തുക 20,36,787/- തനതു ഫണ്ടിൽ മുതൽക്കൂട്ട ി യതായി അറിയിപ്പു ലഭിച്ചു |
| 25 | എ.ഡി.എ പാന്തൂർ | 1. 1,68,000 രൂപയുടെ ഡിഡികൾ 18% പലിശ സഹിതം തിരിച്ചടക്കാൻ ശിപാർശ ചെയ്തു<br><br>2. NMSA പദ്ധതിക്കായി ലഭിച്ചതിൽ നീക്കിയിരിപ്പായ 5,084/-, 1,80,000/- രൂപ (18% പലിശ സഹിതം) എന്നീ തുകകൾ തിരിച്ചടക്കാൻ ശിപാർശ ചെയ്തു<br><br>3. ആത്മ പ്ലസ്- അനധികൃതമായി അനുവദിച്ച 500 രൂപ തിരിച്ച തിരിച്ചടക്കാൻ ശിപാർശ ചെയ്തു<br><br>4. യാത്രാബത്തയിനത്തിൽ ക്ലർക്കിന് അധികമായി അനുവദിച്ച 2,640 രൂപ തിരിച്ച തിരിച്ചുപിടിക്കാൻ ശിപാർശ ചെയ്തു | 1. 1,28,606 രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്<br><br>2. 1,80,000 രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്<br><br>3. 500 രൂപ രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്<br><br>4. 2,640 രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 26 | കളക്ടറേറ്റ്, കണ്ണൂർ | സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ - ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച്.<br><br>1.പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ 50,000 രൂപ സർക്കാർ അക്കൗണ്ടിലേക്ക് | ഭരണ വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | തിരിച്ചടക്കാൻ ശിപാർശ ചെയ്യു.<br><br>2. നിർമ്മിക്കാത്ത ടോയ് ലെറ്റിനായി നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുകയായ 1,79,094/- രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കാൻ ശിപാർശ ചെയ്യു.<br><br>3. നിർമ്മാണം പൂർത്തിയാക്കാത്ത ടോയ് ലെറ്റിന് അനുവദിച്ച 2,58,364 രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കാൻ ശിപാർശ ചെയ്യു. | |
| 27 | സൌത്ത് എ.എം.യു.പി.സ്കൂൾ നടുവണ്ണൂർ | അധിക തസ്തികകൾ സൃഷ്ടിച്ച് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കി | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 28 | താലൂക്ക് ഓഫീസ് കോഴിക്കോട് (ബിൽഡിംഗ് ടാക്സ് - സ്പെഷ്യൽ റിപ്പോർട്ട്) | കുറഞ്ഞ നിരക്കിൽ കെട്ടിട നികുതി നിശ്ചയിച്ച് നൽകി സർക്കാരിന് റവന്യൂ നഷ്ടമുണ്ടാക്കി. (RS.2,12,685/-) | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 29 | താലൂക്ക് ഓഫീസ് കൊയിലാണ്ടി | അനധികൃത ധാതുകടത്ത് വാഹനങ്ങൾ, മഹസ്സർ പോലും തയ്യാറാക്കാതെയും, പിഴ ഈടാക്കാതെയും വിട്ട് നൽകുക വഴി സർക്കാരിന് റവന്യൂ നഷ്ടം ഉണ്ടാക്കി. (Rs. 53,16,080/-) | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 30 | താലൂക്ക് ഓഫീസ് കോഴിക്കോട് | 1992 ലെ കേരളാ കെട്ടിട നികുതി ചട്ടം, 3 പ്രകാരം വില്ലേജോഫീസർമാർ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തതിനാൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽനിന്നും സർക്കാരിനുണ്ടായ വരുമാന നഷ്ടമായ 4.41 കോടി രൂപയുടെ പലിശയിനത്തിൽ 26.46 ലക്ഷം രൂപ വീഴ്ചക്ക് കാരണക്കാരായ വില്ലേജോഫീസർമാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവാൻ ശിപാർശ ചെയ്യു. | അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 31 | മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം | മാനന്തവാടി ADA യായിരുന്ന ശ്രീ.ബാബു അലക്സാണ്ടർ അനധികൃ തമായി വ്യക്തിഗത ചെക്കു വഴി കൈക്കലാ ക്കിയ 81,92,075/- രൂപ, പിതാവിന്റെ അക്കൗണ്ടിലേക്ക് അനധികൃതമായി കൈമാറിയ തുക 1,10,000/- രൂപ. ആത്മ, PMKSY സ്കീമുകളിലെ 68,000/- രൂപ, ഓഫീസ് ചെലവുകളിൽ ക്രമക്കേട് നടത്തിയ 1,47,020/- | മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയ റക്ടർ ശ്രീ.ബാബു അലക്സാണ്ടറിനെയും തൊണ്ടർനാട് കൃഷി ഓഫീസർ ശ്രീമതി .ജി.വി.രജനി, കൃഷി |

| | | | |
|---|---|---|---|
| | | രൂപ, വ്യാജ ബില്ലുകൾ സമർപ്പിച്ച് കൈപ്പറ്റിയ 19,000/- രൂപ, പരിശീലന പരിപാടികളിലെ സാമ്പത്തിക തട്ടിപ്പായ 83,364/- രൂപ, ഇന്ധന ചെലവി നത്തിലെ വ്യാജ വൗച്ചറുകൾ പ്രകാരം തട്ടിയെടുത്ത 5,600/- രൂപ, നെൽകൃഷി കർഷകർക്ക് നൽകാ നായി ജില്ലാ പഞ്ചാ യത്ത് അനുവദിച്ച തുകയിൽ നിന്നും തിരിമറി നടത്തിയ 10,48,170/- രൂപ എന്നിങ്ങനെ 96,73,229/- രൂപ യുടെ സാമ്പത്തിക ക്രമക്കേട് നടത്തിയ തായി കണ്ടെത്തി.<br><br>മാനന്തവാടി ADA യ്ക്ക് കീഴിലെ വിവിധ കൃഷി ഭവനുകളിൽ നടന്ന സാമ്പത്തിക ക്രമക്കേ ടുകൾ , വിവിധ ഗ്രൂപ്പ് കളിൽ നിന്ന് ഉദ്യോഗ സ്ഥർ കൈപ്പറ്റിയ തുകകൾ, മുൻകൂറായി കൈപ്പറ്റിയ തുകയിൽ ക്രമീകരിക്കാതെയുള്ള തുകകൾ എന്നിങ്ങനെ 5,13,699/- രൂപയുടെ ക്രമക്കേടുകൾ.<br>ശ്രീ.ബാബു അലക്സാണ്ടറിനെ സർവീസിൽ നിന്നും അടിയന്തിരമായി പിരിച്ചുവിടുന്നതിനും, വിവിധയിനങ്ങളിൽ ശ്രീ.ബാബു അലക്സാണ്ടറിന്റെ ബാധ്യതയായി സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും പലിശ സഹിതം ടിയാനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെ ആവശ്യമായ നടപടികളിലൂടെ ഈടാക്കുന്നതിനും സർക്കാർ പണം അപഹരിച്ചതിനും ശ്രീ.ബാബു അലക്സാണ്ടറിനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും ശിപാർശ ചെയ്തു.<br><br>വിവിധയിനങ്ങളിൽ കൃഷി ഓഫീസ് ജീവനക്കാരുടെ ബാദ്ധ്യതയായി സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും പലിശ സഹിതം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരിച്ചു പിടിക്കുന്നതിനും, ടി ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തു. | അസിസ്റ്റന്റുമാരായ ശ്രീ.പ്രദീപൻ , ശ്രീ രഞ്ജിത്ത് എന്നിവ രെയും അന്വേഷണ വിധേയമായി സർ വ്വീസിൽ നിന്നും സസ്പെന്റ് ചെയ്തി ട്ടുണ്ട്. തുടർനട പടികൾ ഭരണ വകുപ്പ് സ്വീകരിച്ചു വരുന്നു |
| 32 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മഞ്ചേശ്വരം | 45.18 ലക്ഷം രൂപയുടെ നിഷ്ക്രിയ ഫണ്ട് കണ്ടെത്തിയത് തിരിച്ചടക്കാൻ നിർദ്ദേശം നൽകി | ഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| 33 | എസ്.എസ്.എ കാസർഗോഡ് | ശമ്പളയിനത്തിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 14.35 ലക്ഷം രൂപ തിരിച്ചുപിടിക്കാൻ ശിപാർശ നൽകി. | ഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല |
| 34 | കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ | റോഡ് നിർമ്മാണ കരാറിൽ നിന്നും ഏകപക്ഷീയമായി പിൻമാറിയ കരാറുകാരനിൽ നിന്നും നഷ്ട പരിഹാരം ഈടാക്കാൻ ശിപാർശ ചെയ്തു | ഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല |
| 35 | കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് | അനധികൃതമായി യാത്രാബത്ത കൈപ്പറ്റിയത് ക്രമീകരിക്കാത്തതായി കണ്ടെത്തി | അനധികൃതമായി കൈപ്പറ്റിയ യാത്രാബത്ത 18% പലിശ സഹിതം തിരിച്ചടയ്ക്കുവാൻ നിർദ്ദേശം നൽകി |
| 36 | കെ. എച്ച്.ആർ. ഡബ്ല്യു എസ്, തിരുവനന്തപുരം | 1. മെഡിക്കൽ കോളേജ് ACR ലാബിൽ ചീഫ് ലാബ് ടെക്നീഷ്യൻ ആയിരിക്കെ ശ്രീ.രമേഷ്.ആർ.എസ് KHRWS നിബന്ധനകൾക്ക് വിരുദ്ധമായി അനുവദിച്ച സൗജന്യമായ 4,32,533/-രൂപ ടിയാനിൽ നിന്നും റിക്കവർ ചെയ്യേണ്ടതു സംബന്ധിച്ച് ഭരണ വകുപ്പ് തലത്തിൽ തീരുമാനം എടുക്കുന്നതിനും, ടിയാൻ മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വിഭാഗം കണ്ടെത്തിയ സാമ്പത്തിക ബാദ്ധ്യതയായ 1,67,180.5/- രൂപ ടിയാനിൽ നിന്നും റിക്കവർ ചെയ്യുന്നതിനും, ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2. തൃശ്ശൂർ ACR ലാബിലെ മെഷീനുകൾ കോട്ടയം ACR ലാബിലേക്ക് മാറ്റിയപ്പോൾ മെഷീനിലുണ്ടായിരുന്ന റീ ഏജന്റുകൾ സ്റ്റോക്കലെടുക്കുവാൻ വേണ്ട നിർദ്ദേശം നൽകാതെ സാമ്പത്തിക തട്ടിപ്പിന് കളമൊരുക്കിയ അന്നത്തെ മാനേജിംഗ് ഡയറക്ടർ ശ്രീ.ഹരീന്ദ്രകുമാർ.കെ.ആർ-ൽ നിന്നും 2011-12 വർഷത്തെ ഓഡിറ്റിൽ പരാമർശിച്ച തുകയായ 69,252.5/- രൂപ ഈടാക്കുന്നതിന് ശിപാർശ ചെയ്തു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 37 | ജി.എച്ച്.എസ്.എസ്. വെഞ്ഞാറമൂട് | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ ക്രമക്കേടുകൾ മൂലം നഷ്ടം സംഭവിച്ചിരിക്കുന്ന 7740 കിലോ ഗ്രാം അരിയുടെ വിപണിമൂല്യം അനുസരിച്ച് കണക്കാക്കപ്പെട്ടിട്ടുള്ള **1,93,501/- രൂപ** അതാത് വർഷങ്ങളിൽ നൂൺ ഫീഡിംഗ് ഓഫീസറുടെ ചുമതലയുണ്ടായിരുന്ന സ്കൂൾ | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | അധ്യാപകർ, നൂൺ മീൽ കമ്മിറ്റി കൺവീനർ സ്ഥാനം വഹിച്ചിരുന്ന ടി സ്കൂളിലെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് എന്നീ ഉദ്യോഗസ്ഥരിൽ നിന്നും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടിന് സി.പി.ഒ യുടെ ചുമതലയുണ്ടായിരുന്ന ശ്രീ.സുരേഷ് കുമാർ പി.ആർ നിന്ന് 52800/- രൂപയും 18% പലിശ ഉൾപ്പെടെ ഈടാക്കുന്നതിന് ശിപാർശ ചെയ്തു. | |
| 38 | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റസ്, തിരുവനന്തപുരം | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റസിലെ ക്യാഷ് ബുക്കിലും മറ്റ് രേഖകളിലും ക്രമക്കേട് നടത്തി തട്ടിയെടുത്ത **5,35,865/- രൂപ** മുൻ അക്കൗണ്ടന്റ് ശ്രീ.സതീഷ്.എസ് ൽ നിന്നും ക്രിമിനൽ/സിവിൽ നടപടിക്രമങ്ങളിലൂടെ ഈടാക്കുന്നതിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള അഡീഷണൽ ഡയറക്ടർ ഡോ.പി.കെ.ജബ്ബാർ, തന്റെ മാതൃവകുപ്പിലെ ശമ്പളത്തിന് പുറമേ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റസിൽ നിന്നും കൺസൾട്ടിംഗ് ഫീ, വേതനം, ടെലഫോൺ/ഇന്റർനെറ്റ് മുതലായ പേരിൽ മാനദണ്ഡവിരുദ്ധമായി കൈപ്പറ്റിയിട്ടുള്ള **22,88,384/- രൂപ ടിയാനിൽ നിന്നും,** സിഡ്കോയിൽ നിന്നുംഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന ശ്രീ.സി.യു.ബാബുവിൽ നിന്ന് 26,299/- രൂപ ഈടാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 39 | ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമീഷണറുടെ കാര്യാലയം, മലപ്പുറം | കരാർ വ്യവസ്ഥയിലെടുത്ത വാഹനം ദുരുപയോഗം ചെയ്തതിന് പ്രസ്തുത കാലയളവിലെ ജില്ലാ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറായ ശ്രീ.സുഗുണനെതിരെ വകുപ്പ്തലത്തിൽ കർശന അച്ചടക്ക നടപടി കൈകൊള്ളുന്നതിനും, പ്രതിമാസ വാടകയിനത്തിൽ വിനിയോഗിച്ച തുകയായ 30,000/- രൂപയുടെ പകുതിയായ 15,000/- രൂപ 18% പലിശ സഹിതം ടി ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| 40 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കിഴിശ്ശേരി- ഉച്ച ഭക്ഷണ പദ്ധതി | 2017 ജൂൺ മാസം മുതൽ 2018 ഫെബ്രുവരി മാസം വരെയുള്ള 8 മാസത്തെ സ്റ്റോക്കിൽ ചേർക്കാത്ത അരിയുടെ വിലയായ 1,18,9255/- രൂപയുടെ പകുതിയായ 59,462/- രൂപ 18%പലിശ സഹിതം പ്രധാനാദ്ധ്യാപികയായ ശ്രീമതി.ശോഭന പൊറ്റക്കാടിൽ (നിന്നും ബാക്കി തുകയായ 59,462/- രൂപയിൽ 7,432/- രൂപ ശ്രീ.അനിൽലാൽ സാമിൽ നിന്നും 52,030/- രൂപ ശ്രീ. സന്തോഷ് കുമാറിൽ നിന്നും 18 % പലിശ സഹിതം സേവനമനുഷ്ഠിച്ച കാലയളവിന് ആനുപാതികമായി ഈടാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 41 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മങ്കട — ഉച്ച ഭക്ഷണ പദ്ധതി | മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബ്ലാങ്ക് ബില്ലുകൾ മുൻകൂറായി സൊസൈറ്റിയിൽ നിന്ന് കൈപ്പറ്റിയും വ്യാജ ബില്ല് സൃഷ്ടിച്ചും യഥാർത്ഥത്തിൽ വാങ്ങിയ പാലിന്റെ അളവിനേക്കാൾ കൂടുതൽ അളവിൽ പാൽ വാങ്ങിയതായും, പാൽ വിതരണം നടത്താത്ത ദിവസങ്ങളിൽ പാൽ വാങ്ങിയതായും കാണിച്ച് പാങ്ങ് ഗവൺമെന്റ് യു.പി. സ്കൂൾ, ജി.എച്ച്.എസ്.എസ് പാങ്ങ് സ്കൂൾ അധികൃതർ യഥാർത്ഥത്തിൽ ചെലവായ തുകയേക്കാൾ അധികമായി യഥാക്രമം വിനിയോഗിച്ച തുകയായ 5,09,991/- രൂപ 1,25,780/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 42 | ക്ഷീര വികസന വകുപ്പ്, മലപ്പുറം - അനധികൃത നിയമനം | ടെക്നിക്കൽ മാനേജർ തസ്തികയിലേക്ക് അനധികൃതമായി നിയമനം നൽകപ്പെട്ട ശ്രീ.ഗിരീഷ് കുമാറിന് വേതന ഇനത്തിൽ നൽകിയ തുക കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ നില നിർത്തിയിരുന്നുവെങ്കിൽ പലിശ യിനത്തിൽ ലഭിക്കുമായിരുന്ന തുക 18% എന്ന നിരക്കിൽ കണക്കാക്കി ആയത് കാലാകാലങ്ങളിൽ ടിയാന് വേതനം മാറിക്കൊടുത്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 43 | മലപ്പുറം സോഷ്യൽ ഫോറസ്റ്ററി ഓഫീസിലെ വാഹന ദുരുപയോഗം | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. പി.എൻ. പ്രേംചന്ദറിൽ നിന്നും പിഴയിനത്തിൽ 6220/- രൂപ ഈടാക്കുവാനും വകുപ്പ് തല നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 44 | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പദ്ധതി നടത്തിപ്പിലെ ക്രമക്കേട് | ബ്ലാങ്ക് ബില്ലുകൾ മുൻകൂറായി കടകളിൽനിന്ന് വാങ്ങിയും ഇല്ലാത്ത സ്ഥാപനങ്ങളുടെ പേരിലുള്ള ബില്ലുകൾ ഉപയോഗിച്ചും അനർഹമായ രീതിയിൽ കൈപ്പറ്റിയ തുകയായ 52,490/-രൂപ സി എ ജനാർദ്ദനനിൽ നിന്നും 23,450/- രൂപ ബിബി മാതൃുവിൽ നിന്നും, 16,255/-രൂപ അബ്ദുൾ റഷീദ്.പി നിന്നും 14,100/- രൂപ പ്രമിന.കെ.പി യിൽ നിന്നും 18 % പലിശ സഹിതം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 45 | കുറുവ കൃഷിഭവൻ | ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ അധികമായി ഈടാക്കിയ തുകയായ 52,700/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി ആയത് അധിക തുക അടച്ച കർഷകർക്ക് തിരിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 46 | എടയൂർ ഗ്രാമപഞ്ചായത്ത്- | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ ഭാഗമായി അനധികൃതമായി വിനിയോഗിച്ച തുകയായ 63,105/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ പി. വിനോദ് കുമാറിൽ നിന്നും 18% പലിശ സഹിതം ഈടാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 47 | വെള്ളിയഞ്ചേരി എ.യു.പി സ്കൂൾ | ശ്രീ.കെ.കബീർ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ സ്കൂളിൽ ഹാജരായതായി കാണിച്ച് വെക്കേഷൻ സമയങ്ങളിൽ ഓണറേറിയത്തോടൊപ്പം കൈപ്പറ്റിയ തുകയായ 78,234/- രൂപ 18 % പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുന്നതിനും, വ്യാജ ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പഞ്ചായത്ത് മീറ്റിംഗുകളിലും മറ്റ് യോഗങ്ങളിലും പങ്കെടുത്തതായി കാണിച്ചും സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിയ | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ടിയാനെ ചട്ടപ്രകാരം സർവ്വീസിൽ നിന്ന് പുറത്താക്കുന്നതിനും ഭരണ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യു. | |
| 48 | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | ഔദ്യോഗിക വാഹന ദുരുപയോഗം നടത്തിയതിന് 10580/- രൂപ BDO യുടെ പക്കൽ നിന്നും ഈടാക്കുവാനും അച്ചടക്ക നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 49 | ഉമ്പ പോലീസ് സ്റ്റേഷൻ , തിരുവനന്തപുരം | ടി.ആർ 5 രശീതിയിൽ തിരിമറി നടത്തി അപഹരിച്ചതായി കണ്ടെത്തിയ തുകയായ 26,800/- രൂപ 18% പലിശ സഹിതം ഉമ്പ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് സബ് ഇൻസ്പെക്ടറായ ശ്രീ. ഓമനക്കുട്ടൻ നായരിൽ നിന്നും ഈടാക്കുവാനും ടിയാനെ തിരുവനന്തപുരം സിറ്റി പോലീസ് ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റി, വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 50 | വ്യാസ സ്റ്റോർ (മത്സ്യഫെഡ്) | വ്യാസ സ്റ്റോറിലെ സെയിൽസ്മാനായി ജോലി ചെയ്തിരുന്ന ശ്രീ. പി.സി. പ്രവീണിന്റെ ബാദ്ധ്യതയായി നെഗറ്റീവ് ബാലൻസ് ഇനത്തിൽ കണ്ടെത്തിയ 78,877/- രൂപ 18% ശതമാനം പലിശ സഹിതം ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 51 | KLDC | വാഹനദുരുപയോഗം നടത്തിയ Secretary Incharge ൽ നിന്നും 1746/- രൂപ പിഴ ഈടാക്കുവാൻ ശിപാർശ ചെയ്തു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 52 | ഐ.ടി.ഐ, ചാലക്കുടി | 2005 മേയ് മുതൽ 2016 ഒക്ടോബർ വരെയുള്ള കാലയളവിൽ ക്യാഷ് സെക്ഷനിലെ ക്ലാർക്ക് ചുമതലയുണ്ടായിരുന്ന ശ്രീ.പി.കെ നന്ദകുമാർ നടത്തിയ സാമ്പത്തിക ക്രമക്കേട് മൂലം ഐ.ടി.ഐ ജീവനക്കാരിൽ നിന്നും ട്രെയിനികളിൽ നിന്നും ₹3,68,342/- നഷ്ടപ്പെട്ടതായി കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 53 | ടൂറിസം വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം | ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർ യഥാസമയം അഡ്വാൻസ് ക്രമീകരിക്കാതിരിക്കുക,പിൻ അപ് ബോർഡുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് സാമ്പത്തിക നഷ്ടം വരുത്തുക എന്നിവ കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 54 | കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ എറണാകുളം | സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.48 പ്രകാരമുള്ള ചട്ടത്തിനു വിരുദ്ധമായി സിവിൽ വർക്കിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ എൽ 1 കൂടാതെ എൽ 2 വിനെയെയും നെഗോഷ്യേഷന് വിളിക്കുകയും തുടർന്ന് എൽ 2 വിനു കോൺട്രാക്ട് അവാർഡു ചെയ്യുകയുമുണ്ടായി. | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 55 | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 2016 ജൂലൈ മാസം മുതൽ കാലയളവിൽ നഗര സഭ വനിത ഹോസ്റ്റൽ നടത്തിപ്പ് വഴി നിലവിലെ ഏജൻസി ആർജ്ജിച്ച വരുമാനമായ 2,68,260 രൂപ നഗരസഭയിൽ തിരിച്ചടച്ചിട്ടില്ലയെന്ന് കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 56 | കടയ്ക്കൽ പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം | അനധികൃതമായി ഭവന നിർമ്മാണ വായ്പ നേടിയെടുത്തത് സംബന്ധിച്ച് | ധനകാര്യ (HBA) വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു |
| 57 | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് കൊഗ്നിറ്റീവ് സയൻസ്,തിരുവനന്തപുരം | CCONS ന്റെ ഷൊർണ്ണൂർ, തിരുവനന്തപുരം കേന്ദ്രങ്ങളിൽ 50 കരാർ ജീവനക്കാരെ നിയമവിരുദ്ധമായി സ്ഥിരപ്പെടുത്തി | ഭരണവകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |

**അക്കൗണ്ട്സ് ഓഫീസർ**